**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5806 02//07/2019 -ലെ മറുപടിക്ക്.

**ചിസ് പദ്ധതി**

ചോദ്യം
**ശ്രീ.ചിറ്റയം ഗോപകുമാർ**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ.കെ. രാജൻ**
**ശ്രീമതി സി.കെ. ആശ :**

മറുപടി
**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ) - കോംപ്രഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് സ്കീം (ചിസ്) ചികിത്സാ പദ്ധതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും | ചിസ് പദ്ധതി വഴി ഒരു കുടുംബത്തിന് 30,000/- രൂപ വരെയുള്ള സൗജന്യ ആരോഗ്യ ചികിത്സ നൽകി വന്നിരുന്നു. സംസ്ഥാന സർക്കാർ പദ്ധതി കാലാനുസൃതമായി പരിഷ്കരിച്ച് 01 ഏപ്രിൽ 2019 മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന പുതിയ പദ്ധതി അവതരിപ്പിച്ചിരിക്കുന്നു. ഈ പദ്ധതി കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുമായി കൈകോർത്താണ് നടപ്പിലാക്കുന്നത്. ഒരു ഗുണഭോക്തൃ കുടുംബത്തിന് അഞ്ചു ലക്ഷം രൂപ വരെയുള്ള ചികിത്സ ഒരു വർഷം ലഭിക്കുന്നു. ചികിത്സ തിരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ/ സഹകരണ ആശുപത്രികൾ വഴി നടപ്പിലാക്കുന്നു. മാത്രമല്ല രാജ്യത്ത് ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുമായി സഹകരിക്കുന്ന ആശുപത്രികളിൽ എല്ലാം ഗുണഭോക്താവിന് ചികിത്സ ലഭിക്കും. |
| (ബി) | ചിസ് പദ്ധതിയിൽ നൽകുന്ന ആരോഗ്യ പരിരക്ഷയുടെ വിശദാംശങ്ങൾ അറിയിക്കുമോ; | | |
| (സി) | ഏതൊക്കെ വിഭാഗത്തിൽപ്പെട്ട ആൾക്കാരെയാണ് പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | പുതുതായി ഏതൊക്കെ വിഭാഗങ്ങൾക്കാണ് പ്രസ്തുത പദ്ധതിയിൽ അംഗത്വം നൽകിയതെന്നറിയിക്കുമോ; | (ഡി) | പുതുതായി ചേർത്ത അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു<br>1. കേരള കള്ള് ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ (പ്രീമിയം വിഹിതം ക്ഷേമനിധി ബോർഡ് നൽകുന്നത്)<br>2. ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾ (ബോർഡിൽ നിന്നും ചികിത്സ ആനുകൂല്യം ലഭിക്കാത്ത തൊഴിലാളികൾ)<br>3. ചെറുകിട പവർലൂം മേഖലയിലെ തൊഴിലാളികൾ.<br>4. കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധിയിലെ അംഗങ്ങൾ<br><br>എന്നിരുന്നാലും ചിസ് പദ്ധതി അവസാനിച്ച സാഹചര്യത്തിൽ പുതുതായി അംഗത്വ രജിസ്ട്രേഷൻ സ്വീകരിക്കുന്നില്ല. |
| (ഇ) | ഈ പദ്ധതിയിൽ സൗജന്യ ചികിത്സ ലഭ്യമാകുന്നത് ഏതൊക്കെ വിഭാഗങ്ങൾക്കാണെന്നും ആയത് സംബന്ധിച്ച നിബന്ധനകളും അറിയിക്കുമോ; | (ഇ) | ചിസ് പദ്ധതിയിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തു ചിസ് കാർഡ് നേടിയിട്ടുള്ളവർക്കാണ് 30,000/- രൂപ വരെയുള്ള സൗജന്യ ചികിത്സ നൽകിയിരുന്നത്. സാധുതയുള്ള ചിസ് കാർഡ് കൈവശം ഉള്ളവർക്ക് ചിസ് പദ്ധതിയുടെ പരിഷ്കരിച്ച പതിപ്പായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗമാകാവുന്നതാണ്. |
| (എഫ്) | പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാകുന്നതിനു സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ? | (എഫ്) | 30,000/- രൂപയുടെ ആരോഗ്യ ഇൻഷുറൻസ് ആനുകൂല്യം മാത്രം നല്കിവന്നിരുന്ന ചിസ് പദ്ധതി കാലോചിതമായി പരിഷ്കരിച്ചു കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയായി സർക്കാർ വികസിപ്പിച്ചിരിക്കുന്നു. പുതിയ പദ്ധതി വഴി അഞ്ചു ലക്ഷം രൂപയുടെ ചികിത്സാ സഹായം ലഭിക്കും. |

| | | | |
|---|---|---|---|
| | | | ചിസ് പദ്ധതിയിൽ ഒരു കുടുംബത്തിലെ അഞ്ചു പേർക്ക് മാത്രമാണ് പദ്ധതിയുടെ ഗുണഭോക്താവാകാൻ സാധിക്കുക. എന്നാൽ പുതിയ പദ്ധതിയിൽ കുടുംബത്തിലെ എല്ലാവർക്കും പദ്ധതിയുടെ ഭാഗമാകാം. മാത്രമല്ല ഒരു കുടുംബത്തിനു ഒരു കാർഡ് മാത്രം നൽകിയിരുന്ന സ്ഥാനത്തു ഇപ്പോൾ കുടുംബത്തിലെ എല്ലാ ഗുണഭോക്താവിനും ഐഡന്റിറ്റി കാർഡ് ലഭിക്കുന്നു. കൂടാതെ ആശുപത്രിയിൽ ഗുണഭോക്താവിന് ചിസ് കാർഡ് നൽകിയാൽ മാത്രം ചികിത്സ ലഭിക്കുകയുള്ളു എന്ന അവസ്ഥയിൽ നിന്നും വ്യത്യസ്തമായി ഗുണഭോക്താവിന് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഐഡി കാർഡ്/ഫോൺ നമ്പർ എന്നിവ സ്വീകരിച്ച ചികിത്സ നൽകാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ചിസ് പദ്ധതിയിലെ അർഹരായ വിഭാഗങ്ങൾ

1. പട്ടിക വർഗ്ഗ കുടുംബങ്ങൾ
2. പട്ടികജാതി കുടുംബങ്ങൾ
3. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
4. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
5. മറ്റ മത്സ്യതൊഴിലാളികൾ
6. നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്നവർ
7. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
8. കർഷക തൊഴിലാളി പെൻഷൻ വാങ്ങുന്നവർ
9. ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
10. ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
11. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
12. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
13. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
14. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
15. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
16. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
17. ഈറ്റ-പനമ്പ്- കാട്ടുവള്ളി ബോർഡിലെ അംഗങ്ങൾ
18. ഈറ്റ-പനമ്പ്- കാട്ടുവള്ളി ബോർഡിലെ പെൻഷൻകാർ
19. ചെറുകിടതോട്ടം തൊഴിലാളി ക്ഷേമ ബോർഡിലെ അംഗങ്ങൾ
20. ചെറുകിടതോട്ടം തൊഴിലാളി ക്ഷേമ ബോർഡിലെ പെൻഷൻകാർ
21. അലക്ക് തൊഴിലാളി ക്ഷേമ പദ്ധതിയിലെ അംഗങ്ങൾ

22. അലക്ക് തൊഴിലാളി ക്ഷേമ പദ്ധതിയിലെ പെൻഷൻകാർ

23. ബാർബർ/ ബ്യൂട്ടീഷൻ ക്ഷേമ പദ്ധതിയിലെ അംഗങ്ങൾ

24. ബാർബർ/ ബ്യൂട്ടീഷൻ ക്ഷേമ പദ്ധതിയിലെ പെൻഷൻകാർ

25. കൈത്തൊഴിലാളി/വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിലെ അംഗങ്ങൾ

26. കൈത്തൊഴിലാളി/വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിലെ പെൻഷൻകാർ

27. 2008 ലെ അൺഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീമിലെ പെൻഷൻകാർ

28. കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

29. കള്ള് ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

30. അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

31. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

32. ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

33. കേരള ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ

34. കേരള ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

35. ഷോപ്പ്സ് & കോമേഴ്സ് എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം രജിസ്റ്റർചെയ്ത പാവപ്പെട്ട തൊഴിലാളികൾ /സ്വയം തൊഴിൽ ചെയ്യുന്നവർ.

36. കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമ പദ്ധതിയിലെ അംഗങ്ങൾ (ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾ)

37. വികലാംഗർ ഉൾപ്പെടുന്ന പാവപ്പെട്ട കുടുംബങ്ങൾ

38. ആശ്രയ കുടുംബങ്ങൾ

39. അംഗനവാടി വർക്കേഴ്സ്/ഹെൽപ്പേഴ്സ്

40. എൻഡോസൾഫാൻ ദുരന്ത ബാധിതർ

41. ആശ പ്രവർത്തകർ

42. കണ്ണൂർ കന്റോൺമെന്റിലെ പാവപ്പെട്ട തൊഴിലാളികൾ

43. വിധവ പെൻഷൻ ലഭിക്കുന്നവർ

44. മറ്റു സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ

45. വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവർ

46. അഗതി മന്ദിരങ്ങളിലെ അന്തേവാസികൾ

47. എച്ച്. ഐ. വി. അണുബാധിതർ

48. അന്ത്യോദയ അന്ന യോജനയിലും മുൻഗണനയിലും ഉൾപ്പെട്ട (മഞ്ഞയും പിങ്കും കളർ) റേഷൻ കാർഡ് ഉടമകൾ

49. 1000/- രൂപയോ അതിൽ താഴയോ ഇ.പി.എഫ് പെൻഷൻ വാങ്ങുന്നവർ

50. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾ

51. ഓച്ചിറയിൽ അന്തേവാസികളായി ജീവിക്കുന്ന 204 വൃദ്ധജനങ്ങൾ

52. പൂട്ടി കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഇ.എസ്സ്.ഐ ആനുകൂല്യം ഇപ്പോൾ ലഭിക്കാത്ത അംഗങ്ങൾ

53. ചികിത്സാർത്ഥം സംസ്ഥാന മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ട റേഷൻ കാർഡ് ഉടമകൾ

54. കേരള കള്ള് ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ (പ്രീമിയം വിഹിതം ക്ഷേമനിധി ബോർഡ് നൽകുന്നത്)

55. ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾ (ബോർഡിൽ നിന്നും ചികിത്സ ആനുകൂല്യം ലഭിക്കാത്ത തൊഴിലാളികൾ)

56. ചെറുകിട പവർലൂം മേഖലയിലെ തൊഴിലാളികൾ

57. കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധിയിലെ അംഗങ്ങൾ

സെക്ഷൻ ഓഫീസർ